# പരവൂർ കൊച്ചുഗോവിന്ദനാശാൻ സ്മാരക മൃദംഗ മത്സരം

സംഗീതകുലപതി ദേവരാജൻ മാസ്റ്ററുടെ പിതാവും പ്രശസ്ത മൃദംഗ വിദ്വാനുമായ പരവൂർ കൊച്ചുഗോവിന്ദനാശാന്റെ സ്മരണ നിലനിർത്തുവാനായി ഏർപ്പെടുത്തിയ **പരവൂർ കൊച്ചുഗോവിന്ദനാശാൻ സ്മാരക മൃദംഗ മത്സരം** 2019 മുതൽ പരവൂർ ഫൈൻ ആർട്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. കൊല്ലം ജില്ലയിൽ സ്ഥിരതാമസക്കാരായ 15 വയസ്സുകഴിഞ്ഞിട്ടില്ലാത്ത കുട്ടികൾക്ക് മൃദംഗ മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. വർഷം തോറും ഫാസ് നടത്തിവരുന്ന ദേവരാജസംഗീതമത്സരത്തോടൊപ്പമാണ് മൃദംഗമത്സരം നടത്തുന്നത്. പത്രമാദ്ധ്യമങ്ങളിലൂടെ ഈ വിവരം പരസ്യപ്പെടുത്താറുണ്ട്. ഒരിക്കൽ ഒന്നാം സമ്മാനത്തിനർഹനായ വ്യക്തിക്ക് വീണ്ടും മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുണ്ടായിരിക്കുന്നതല്ല.

മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ വിജയിക്ക് 2500 രൂപ ക്യാഷ് പ്രൈസും മെമന്റോയും സർട്ടിഫിക്കേറ്റും രണ്ടാം സ്ഥാനം നേടിയ വിജയിക്ക് 1500 രൂപ ക്യാഷ് പ്രൈസും മെമന്റോയും സർട്ടിഫിക്കേറ്റും ദേവരാജസംഗീത മത്സരത്തോടനുബന്ധിച്ചു നടത്തുന്ന പൊതുസമ്മേളനവേദിയിൽ വച്ച് നൽകിവരുന്നു. സമ്മാനാർഹരായവരുടെ വിവരം ചുവടെ ചേർക്കുന്നു:

## കൊച്ചുഗോവിന്ദനാശാൻ സ്മാരക മൃദംഗ വിജയികൾ

| മത്സരത്തീയതി | വിജയി | സ്ഥാനം |
|---|---|---|
| 26.09.2019 | അബിൻ അനീഷ്, വെള്ളമണലിൽ, വൃന്ദാവൻ നഗർ–175, കടപ്പാക്കട പി.ഒ., കൊല്ലം–691008. | ഒന്ന് |
| 26.09.2019 | വെങ്കിടേശ് മല്ലൻ, എസ്.എം.ആർ.എ. 269, നാരായണാലയം, മുളങ്കാടകം, കൊല്ലം. | രണ്ട് |